● ഏരുവേശി വടക്കേ മുല കുടുബസംഗമം അഡ്വ. സജീവ് ജോസഫ് എം.എൽ.എ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു.

ഗ്രാമീണ മേഖലകളുടെ പുരോഗതിക്ക് കുടുംബ കൂട്ടായ്മകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം: അഡ്വ. സജീവ് ജോസഫ് എം.എൽ.എ

ശ്രീകണ്ഠാപുരം: ഗ്രാമീണ മേഖലകളുടെ പുരോഗതിക്ക് ഒരോ പ്രദേശത്തുമുള്ള ജനങ്ങൾ ജാതി മത രാഷ്ട്രീയ വ്യത്യാസമില്ലാതെ സഹകരിച്ചു പ്രവർത്തിക്കുന്നതിന് കുടുംബ കൂട്ടായ്മ രൂപികരിക്കേണ്ടത് ആവശ്യമാണന്നും നമ്മളിൽ നിന്നും അകന്നു കൊണ്ടിരിക്കുന്ന അയൽവക്ക ബന്ധങ്ങളും പരസ്പര സ്നേഹവും നിലനിർത്തുന്നതിനും കുടുംബ കൂട്ടായ്മക്ക് കഴിയുമെന്ന് അഡ്വ. സജീവ് ജോസഫ് എം.എൽ.എ. പറഞ്ഞു. ഏരുവേശി പഞ്ചായത്തിലെ വളയംകുണ്ട് വടക്കേമൂലയിൽ രൂപികരിച്ച കുടുംബ കൂട്ടായ്മ സംഗമം ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുടുംബ കൂട്ടായ്മകളുടെ ആവശ്യകതയെ പറ്റിയും.

ഇത്തരത്തിലുള്ള കൂട്ടായ്മകൾ സമൂഹത്തിന് മാതൃകാപരമാണെന്നും ഒറ്റകെട്ടായി മുൻപോട്ടു പോകണമെന്നും അദ്ദേഹം അറിയിച്ചു. കൂട്ടായ്മയിൽ 40 ഓളം കുടുംബങ്ങളിൽ നിന്നും കുടുംബ സമേധം എല്ലാവരും സമ്മേളനത്തിൽ പങ്കെടുത്തു. കുടുംബ കൂട്ടായ്മയുടെ പ്രസിഡണ്ട് സന്തോഷ് മേളക്കുന്നേൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി സനിൽ പാറകടവൻ, കുടുംബ കൂട്ടായ്മയുടെ ചെയർമാൻ കുര്യാക്കോസ് പുതിയിടത്തുപറമ്പിൽ.

എരുവേശി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി ഷൈബി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് മധു തൊട്ടിയിൽ, വാർഡ് മെമ്പർ ജയശ്രീ, കൃഷ്ണൻ മടത്തിവളപ്പിൽ, ജോളി കാരക്കുന്നേൽ, ജയശ്രീ പുതിയിടത്തുപറമ്പിൽ, സുമിത്ര കാടാംകോട്ട്, സജി പനച്ചക്കൽ എന്നിവർ സംസാരിച്ചു. വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

അനുസ്മരണവും കുടുംബ സഹായ ഫണ്ട് വിതരണവും

പാനൂർ: ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ പാനൂർ മേഖലാ കമ്മിറ്റി ശ്രീജിത്ത് ഫാൻറസി അനുസ്മരണവും കുടുംബ സഹായ ഫണ്ട് വിതരണവും നടന്നു. ബാബുരാജ് കുന്നോത്ത് പറമ്പ് അധ്യക്ഷത വഹിച്ചു. ഉദ്ഘാടനവും കുടുംബ സഹായ ഫണ്ട് വിതരണവും കെ. പി. മോഹനൻ എം.എൽ.എ. നിർവ്വഹിച്ചു. സുനിൽ വടക്കുമ്പാട്, പി.ടി.കെ. രജീഷ് എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി. എ. രാഘവൻ, മനോജ് , കെ. പി. സാജു, ഗഫൂർ, നാസർ, സജീവൻ, സി. വി. ശരത്, പി.വി. അനിൽകുമാർ, പ്രതീഷ് പ്രാസ്, കെ. പി. രജിത്ത് എന്നിവർ സംസാരിച്ചു.

ഗതാഗതം നിരോധിച്ചു

ഇരിക്കൂർ ബ്ലോക്ക്, ഉളിക്കൽ വയത്തൂർ മണിപ്പാറ വെങ്ങലോട് കോട്ടപ്പാറ ആനറ കുന്നത്തൂർ റോഡ് പ്രവൃത്തി (എഫ്.ഡി.ആർ) നടക്കുന്നതിനാൽ ഉളിക്കൽ മുതൽ മണിപ്പാറ വരെയുള്ള ഗതാഗതം നാളെ മുതൽ 15 ദിവസത്തേക്ക് പൂർണമായും നിരോധിച്ചതായി പി.ഐ.യു എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

പൗരോഹിത്യ സുവർണ ജൂബിലിക്ക് തുടക്കമായി

ചന്ദനക്കാംപാറ: പൗരോഹിത്യത്തിന്റെ അൻപതാം വർഷത്തിലേക്ക് പ്രവേശിച്ച ചന്ദനക്കാംപാറ ഇടവക വികാരി ഫാ.ജോസഫ് ചാത്തനാട്ട് ജൂബിലിതിരി തെളിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വിശുദ്ധ കുർബാനയെ തുടർന്ന് സഹവികാരി ഫാ.ജോസ് കടയിലാൻ, മദർ സുപ്പീരിയർ സിസ്റ്റർ അനിത ജോസ് എംഎസ്എംഐ, ഇടവക കോ ഓർഡിനേറ്റർ തങ്കച്ചൻ വടക്കേക്കര, പരിഷ് ട്രസ്റ്റി ടോമി വടക്കൻവീട്ടിൽ എന്നിവർ ആശംസകളർപ്പിച്ചു.

1975 ഡിസംബർ 17 ന് പാലാ രൂപതയിൽ മറ്റക്കരയിലെ സ്വന്തം ഇടവക ദേവാലയത്തിൽ നടന്ന ചടങ്ങിൽ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നാണ് ഫാ.ജോസഫ് ചാത്തനാട്ട് പൗരോഹിത്യം സ്വീകരിച്ചത്. തുടർന്ന് കുന്നോത്ത്, എടൂർ പള്ളികളിൽ സഹവികാരിയായി സേവനം പൂർത്തിയാക്കിയ ശേഷം ചുള്ളി, പാത്തൻപാറ, പാണത്തൂർ എന്നീ പള്ളികളിൽ വികാരിയായി പ്രവർത്തിച്ചു. തുടർന്നുള്ള 12 വർഷക്കാലം കർണാടകയിലെ ബെൽത്തങ്ങാടി രൂപതയിൽ രൂപത പ്രൊക്യൂറേറ്ററായും വികാരിയായും സേവനം ചെയ്തു. പിന്നീട് മണ്ഡപം, കരുവഞ്ചാൽ, കുന്നോത്ത് എന്നീ പള്ളികളിലും വികാരിയായി ശുശ്രൂഷ ചെയ്തശേഷം കരുവഞ്ചാലിലെ വൈദിക മന്ദിരം ഡയറക്ടറായിരുന്നു.

● ഒരു വർഷം നീളുന്ന പൗരോഹിത്യ സുവർണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ചന്ദനക്കാംപാറ ചെറുപുഷ്പ ഇടവക പള്ളി വികാരി ഫാ. ജോസഫ് ചാത്തനാട്ട് ജൂബിലി തിരിതെളിയിച്ചപ്പോൾ.

നിലവിൽ ചന്ദനക്കാംപാറ ചെറുപുഷ്പ ഇടവക പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിച്ചു വരികയാണ്. ഇടവകയെ കരുതലോടെ മുന്നോട്ട് നയിച്ച് സുവർണ ജൂബിലി വർഷത്തിലേക്ക് കടന്നിരിക്കുന്ന പ്രിയപ്പെട്ട വികാരിയച്ന് പ്രാർത്ഥനകളും ആശംസകളും അറിയിച്ച് മുഴുവൻ ഇടവകാകുടുംബാംഗങ്ങളും ആഘോഷത്തിൽ പങ്കുചേരുകയാണ്.

● രക്തസാക്ഷി ദിനത്തിൽ പതാക ഉയത്തുന്നു

കരിവെള്ളൂർ രക്തസാക്ഷിത്വ വാർഷികം

കരിവെള്ളൂർ: സാമൂഹ്യ മാററത്തിന്നും പുരോഗതിക്കും ജീവിക്കാനുള്ള അവകാശത്തിന്നും വേണ്ടി പോരാടിയ കരിവെള്ളൂർ രക്തസാക്ഷിത്വത്തിന്റെ 78 മത് വാർഷിക ദിനാചരണത്തിന്റെ തുടക്കം കുറിച്ച് കരിവെള്ളൂർ രക്തസാക്ഷി നഗറിൽ ചെങ്കോടിയുയർന്നു.ദിനാചരണകമ്മിററി ചെയർമാൻ കെ.നാരായണൻ നൂറു കണക്കിനാളുകളെ സാക്ഷിയാക്കി ആവേശോജ്ജ്വലമായ അന്തരീക്ഷത്തിലാണ് പതാക ഉയർത്തൽ നടന്നത്.നേരത്തെപെരളം രക്തസാക്ഷി പുന്നക്കോടൻ കുഞ്ഞമ്പുവിന്റെപുത്തൂരിലുള്ള സ്മൃതി മണ്ഡപത്തിൽ വെച്ച് 4 മണിക്ക് സമര സേനാനി അറക്കു ളവൻ കുഞ്ഞമ്പു പതാക അത് ലറ്റുകൾക്ക് കൈമാറി. റിലേയായി കണിയാംകുന്ന്, മാലാപ്പ്, ചീററ ,പെരളം, കട്ടച്ചേരി, ഓണക്കുന്ന് വഴി ജനാവലിയുടെ അഭിവാദ്യൾ ഏറ്റുവാങ്ങി പതാക റിലേ രക്തസാക്ഷി നഗറിൽ സമാപിച്ചു. പതാക പി .ഉയർത്തൽ ചടങ്ങിൽ കെ.വി.ബാബു, എം.രാമകൃഷ്ണൻ, എം.സതീശൻ, പി.സന്തോഷ്, വി.നാരായണൻ, വി.കുഞ്ഞികൃഷ്ണൻ, എം.രാഘവൻ പി.രമേശൻ എന്നിവർ പങ്കെടുത്തു.തുടർന്ന് വലതുപക്ഷവൽക്കരണവും മാധ്യമ വർത്തമാനവും എന്ന വിഷയത്തെ ആധികരിച്ച് കെ.ജയദേവൻ പാലക്കാട് പ്രഭാഷണം നടത്തി.

● തിക്കോടി നാരായണൻ

കേരള സാഹിത്യ മണ്ഡലത്തിലെ ശ്രദ്ധേയ വ്യക്തിത്വവും തികഞ്ഞ ഗാന്ധിയനുമായ കെ.പി. എ.റഹിം മാസ്റ്ററുടെ ഓർമ്മയ്ക്കായി റഹിം മാസ്റ്റർ സ്മൃതി വേദി സമ്മാനിച്ചു വരുന്ന നാലാമത് പുരസ്കാരത്തിന് തിക്കോടി നാരായണൻ മാസ്റ്റർ അർഹനായി. വിനയം, ലാളിത്യം, സത്യസന്ധത എന്നീ മൂല്യങ്ങൾ കൈവിടാതെ തികഞ്ഞ ഗാന്ധിയനായി ജീവിതം നയിക്കുന്ന തിക്കോടി നാരായണൻ മാസ്റ്റർ 92ാം വയസിലും സാമൂഹ്യ രംഗത്ത് കർമ്മനിരതനാണെന്ന് സ്മൃതി വേദി ഭാരവാഹികളും ജൂറി അംഗങ്ങളും വാർത്താ സമ്മേളനത്തിൽ വിശദീകരിച്ചു. 11, 111രൂപയും ഫലകവും അടങ്ങുന്ന പുരസ്കാരം റഹിം മാസ്റ്ററുടെ ഓർമ്മദിനമായ ജനവരി 5 ന് പാനൂർ സുമംഗലി ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ നാരായണൻ മാസ്റ്റർക്ക് സമ്മാനിക്കും..ചൂര്യയി ചന്ദ്രൻ മാസ്റ്റർ, അഡ്വ. പി.കെ.രവീന്ദ്രൻ, സി. വി.രാജൻ മാസ്റ്റർ, യാക്കൂബ് എലാങ്കോട്, കെ.സി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, കെ.ടി. ശ്രീധരൻ, കെ.ഹരിന്ദ്രൻ, ദിനേഷ് ചമ്പാട് എന്നിവർ വാർത്താ സമ്മേളനത്തിൽ സംബന്ധിച്ചു.

വാർഷിക സമ്മേളനം നടത്തി

കൂത്തുപറമ്പ്: എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് ചെത്ത് തൊഴിലാളി യൂണിയൻ സി.ഐ.ടി.യു മട്ടന്നൂർ റെയ്ഞ്ച് വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. മൂന്നാം പീടിക മെരുവമ്പായി കൂർമ്പക്കാവ് ഓഡിറ്റോറിയത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറി കെ. പി സഹദേവൻ ഉദ്ഘാടനം ചെയ്തു. ടി. അശോകൻ അധ്യക്ഷനായി. പുരുഷോത്തമൻ റിപ്പോർട്ടും, എൻ. വി ചന്ദ്രബാബു സംഘടന റിപ്പോർട്ടും അവതരിപ്പിച്ചു.

സ്വർണ മെഡലിനായി ജില്ലാതല ചിത്രരചനാ മത്സരം 21 ന്

പിണറായി: കമ്മ്യൂണിസ്റ്റ് പാർട്ടി പിണറായി പാറപ്രം സമ്മേളനത്തിന്റെ എൺപത്തിയഞ്ചാം വാർഷികത്തിന്റെ ഭാഗമായി ശനിയാഴ്ച ജലച്ചായ ചിത്രരചനാ മത്സരം നടക്കും. രാവിലെ 9. 30 ന് ചിത്രകാരൻ ജീവൻചി ഉദ്ഘാടനം ചെയ്യും. റവന്യൂ ജില്ലക്ക് പുറത്ത് മാഹി, പള്ളൂർ പ്രദേശത്തുള്ളവർക്കും മത്സരത്തിൽ പങ്കെടുക്കാം. പിണറായി എ കെ ജി എം ജി എച്ച് എസ് സ്കൂളിൽ എൽ പി, യു പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, പൊതുവിഭാഗം എന്നീ വിഭാഗങ്ങളിലാണ് മത്സരം. ഏറ്റവും നല്ല ചിത്രത്തിന് സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും നൽകും. ഓരോ വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനക്കാർക്കും സമ്മാനമുണ്ട്. മത്സര ദിവസം രാവിലെ ഒൻപത് മണിവരെ പേര് റജിസ്ട്രേഷൻ നടത്താം. മത്സരാർത്ഥികൾ പേപ്പർ ഒഴികെയുള്ള സാമഗ്രികൾ കൊണ്ടുവരണം. ഫോൺ: 7034729109, 9847022590

കാർ ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് അപകടം

കണ്ണൂർ: നന്ദാരത്ത് വെട്ടയിൽ കാർ ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് തലകീഴായി മറിഞ്ഞു. കറോടിച്ചിരുന്നയാൾ നിസ്സാര പരിക്കുകളോടെ അത്ഭുതകരമായി രക്ഷപ്പെട്ടു. ചക്കരക്കല്ല് ഭാഗത്ത് നിന്ന് മൂന്നു പെരിയ ഭാഗത്തേക്ക് പോകുകയായിരുന്ന കാറാണ് നന്ദാരത്ത് വെട്ടയിലെ വളവിൽ ഉള്ള ഇലക്ടിക്ക് പോസ്റ്റിലിടിച്ച് കാർ തല കീഴായി മറിഞ്ഞത്. ബുധനാഴ്ച ഉച്ചക്ക് ഒരുമണിയോടെയാണ് സംഭവം. കാറോടിച്ചിരുന്നയാൾ ചക്കരക്കൽ സി.എച്ച്.സിയിൽ പ്രാഥമിക ചികിത്സ തേടി. ഇടിയുടെ ആഘാതത്തിൽ ഇലക്ടിക്ക് പോസ്റ്റ് 3 കഷ്ണം ആയി മുറിഞ്ഞെങ്കിലും ഡ്രൈവർ അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു. റോഡിൽ വാഹനങ്ങളോ കാൽനട യാത്രക്കാരോ ഇല്ലാതിരുന്നതിനാൽ വൻ അപകടം ഒഴിവായി. ചക്കരക്കല്ല് പോലീസ് സ്ഥത്തെത്തി.

താലോലം 2024 ബഡ്സ് ജില്ലാ ഫെസ്റ്റിന് തുടക്കമായി

കണ്ണൂർ: പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ, ആവശ്യമായ പിൻബലവും പിന്തുണയും നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്ന് നിയമസഭാ സ്പീക്കർ അഡ്വ. എ.എൻ ഷംസീർ പറഞ്ഞു. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിലുള്ള ബഡ്സ് ജില്ലാ ഫെസ്റ്റ് താലോലം 2024 തലശ്ശേരി കോടിയേരി ബാലകൃഷ്ണൻ സ്മാരക മുനിസിപ്പൽ ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ. കലോത്സവത്തിന് പൊതുസമൂഹവും മാധ്യമങ്ങളും അർഹമായ പ്രാധാന്യം നൽകുന്നില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിവിധ കഴിവുകളുള്ള ഈ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരണം. അവർക്കാവശ്യമായ പിന്തുണ നൽകണം. കുട്ടികൾക്ക് ആവശ്യമായ പിന്തുണയും പരിപാലനവും നൽകുന്ന എല്ലാ അധ്യാപകരെയും രക്ഷിതാക്കളെയും സ്പീക്കർ അഭിനന്ദിച്ചു.

തലശ്ശേരി നഗരസഭ ചെയർപേഴ്സൺ കെ.എം ജമുനാറാണി ടീച്ചർ അധ്യക്ഷയായി. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ എം.വി. ജയൻ, നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.സി അബ്ദുൾഖിലാബ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷബാന ഷാനവാസ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ടി ജെ അരുൺ, കുടുംബശ്രീ മെംബർ സെക്രട്ടറി ഹരി പുതിയില്ലത്ത്, സാമൂഹ്യ നീതി വകുപ്പ് ജില്ലാ ഓഫീസർ പി ബിജു, നഗരസഭാ സെക്രട്ടറി എൻ സുരേഷ് കുമാർ, കുടുംബശ്രീ അസി. ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാരയ പി ഒ ദീപ, കെ വി ജിത്ത്, കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ പി വിനേഷ്, തലശ്ശേരി നഗരസഭാ സി ഡിഎസ് ചെയർപേഴ്സൺ വി സനില എന്നിവർ സംസാരിച്ചു. ജില്ലയിലെ 32 ബഡ്സ് സ്കൂളുകളിൽ നിന്നായി 270 ലേറെ കലാപ്രതിഭകളാണ് രണ്ട് ദിവസങ്ങളിലായി വിവിധ മത്സര ഇനങ്ങളിലായി മാറ്റുരയ്ക്കുന്നത്. മൂന്ന് വേദികളിലായാണ് കലാപരിപാടികൾ അരങ്ങേറുന്നത്. ഒരു ഓപ്പൺ സ്റ്റേജിലും പരിപാടികൾ നടക്കുന്നുണ്ട്. ആദ്യ ദിനം പ്രച്ഛന്നവേഷ മത്സരം, നാടോടി നൃത്തം, ബാൻഡ് മേളം, ലളിതഗാനം, പദ്യപാരായണം, പെൻസിൽ ഡ്രോയിങ്, എംബോസ് പെയിന്റിംഗ് ക്രയോൺ പെയിന്റിംഗ്, പേപ്പർ ക്രാഫ്റ്റ് എന്നീ ഇനങ്ങൾ അരങ്ങേറി. രണ്ടാം ദിനം ഉപകരണ സംഗീത വിഭാഗത്തിൽ ചെണ്ടമേളം, കീബോർഡ്, നാടൻ പാട്ട്, ഒപ്പന, സംഘനൃത്തം, മിമിക്രി എന്നിവ നടക്കും.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പ്പക്കാർ/ജാമ്യക്കാർ: **1) ശ്രീ പ്രവിരാജ് പി, 2) ശ്രീ നാരായണൻ എം 3) ശ്രീമതി പ്രീത പി 4) ശ്രീ മുരളി പി** എല്ലാവരും താമസിക്കുന്നത് പ്രീത നിവാസ്, പനങ്ങാട്, ആനന്ദാശ്രമം വഴി അമ്പലത്തറ, കാഞ്ഞിരപ്പൊയിൽ പി.ഒ, കാസർകോട്, കേരളം 671531

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ കാഞ്ഞങ്ങാട് ബ്രാഞ്ചിൽ** (സെക്യൂരഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ (സെക്യൂരഡ് ക്രഡിറ്റർ) കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് കാഞ്ഞങ്ങാട് ബ്രാഞ്ചിന് (സെക്യൂരഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 11.12.2024ന് കിട്ടുവാനുള്ള തുകയായ **53,22,785 (അൻപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എഴുനൂറ്റിയെൺപത്തിയഞ്ച് രൂപ മാത്രം)** കൂടാതെ പലിശയും മറ്റു ചിലവുകളും സഹിതം തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **17.01.2025**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

വസ്തു ഉടമയുടെ പേര്: ശ്രീമതി പ്രീത പി. & ശ്രീ പ്രവിരാജ് പി., **വസ്തുവിന്റെ വിവരണം:** കാസർകോട് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജ് സർവ്വ നം. 100/പി.ടി. 11,12 നീലേശ്വരം എസ്.ആർ.ഒ യിൽ 01.10.2012ന് രജിസ്റ്റർ ചെയ്ത 4122/2012 & 4123/2012 ജൻമം തീരാധാരങ്ങൾ പ്രകാരം ശ്രീമതി പ്രീത പി. & ശ്രീ പ്രവിരാജ് പി. എന്നിവരുടെ ഉടമസ്ഥതയിൽ പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അനുമതികളുമടക്കം 30 സെന്റ് സ്ഥലം. **അതിർത്തികൾ:** വടക്ക് രാധയുടെ സ്ഥലം, തെക്ക്: റോഡ്, കിഴക്ക്: ചന്ദ്രന്റെ സ്ഥലം, പടിഞ്ഞാറ്: രാമന്റെ സ്ഥലം.

കരുതൽ വില:	**9,00,000 (ഒൻപത് ലക്ഷം രൂപ മാത്രം)**
നിരതദ്രവ്യം (EMD):	**90,000 രൂപ (തൊണ്ണൂറായിരം രൂപ മാത്രം)** (EMD 16.01.2025ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക:	**10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും:	**17.01.2025ന് രാവിലെ 10 മുതൽ 11 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ:	**01.01.2012 മുതൽ 12.09.2024 വരെ** ബാധ്യതകൾ ഒന്നും തന്നെ ഇല്ല

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂരഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. **www.southindianbank.com** വിശദാംശങ്ങൾ **https://bankauctions.in** ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അധികാരപ്പെടുത്തിയ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. (ഫോൺ: **0497 2713234/2713235**) അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ബ്രാഞ്ച് **കാഞ്ഞങ്ങാട് 0467 2205866**, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഓഫീസ് കണ്ണൂരുമായി **7306275760** എന്ന നമ്പറിലൊ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

കണ്ണൂർ 12.12.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പ്പക്കാർ/ജാമ്യക്കാരായ **1) ശ്രീ.അഷ്റഫ് ബി** S/o ബി അബ്ദുല്ല കുഞ്ഞി ഹൗസ് നം 8/294(15/356) ബെർക്ക ഹൗസ്, ചെങ്കള പി.ഒ. കാസർഗോഡ്, പിൻ: 671541. **(2) ശ്രീമതി ആയിഷത്ത് നിഷാന** W/o ശ്രീ. അഷ്റഫ് ബി, ഹൗസ് നം. 8/294 (15/356), ബെർക്ക ഹൗസ്, ചെങ്കള പിഒ കാസർഗോഡ്, പിൻ: 671541

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ കാസർഗോഡ് ബ്രാഞ്ചിൽ** (സെക്യൂരഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് കാസർഗോഡ് ബ്രാഞ്ചിന് (സെക്യൂരഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും ബഹുമാനപ്പെട്ട ഡിആർടി 1 എറണാകുളം മുമ്പാകെ സമർപ്പിച്ച ഒ.എ. 962/2024 ക്ലെയിം പ്രകാരം കിട്ടുവാനുള്ള തുകയായ **3,53,14,929.40 (മൂന്ന് കോടി അൻപത്തിമൂന്ന് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരത്തി ഇരുപത്തിയൊമ്പത് രൂപ നാൽപ്പത് പൈസ മാത്രം)** കൂടാതെ 04.06.2024 മുതലുള്ള പലിശയും മറ്റു ചിലവുകളും തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **15.01.2025**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

വസ്തു ഉടമയുടെ പേര്: ശ്രീ. അഷ്റഫ് ബി. **വസ്തുവിന്റെ വിവരണം: (എ)** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ ചെങ്കള വില്ലേജിലെ റീസർവ്വെ നം. 129/2എ & 129 2ബി, കാസർഗോഡ് എസ്.ആർ.ഒ യിൽ 04.07.2016ന് രജിസ്റ്റർ ചെയ്ത 2788/2016 ജൻമം തീരാധാരപ്രകാരം ഏകദേശം 6452.10 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ ബിൽഡിംഗും കൈവശങ്ങളും ദേഹണ്ഡങ്ങളുമ